No. 113/2019

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ദൈവം നമുക്കു നൽകിയിരിക്കുന്ന വരദാനമാണ് നമ്മുടെ കുഞ്ഞുങ്ങൾ. "മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ നൽകുന്ന പ്രതിഫലവും ആകുന്നു" എന്ന് സങ്കീർത്തനക്കാരനും ഓർമ്മിപ്പിക്കുന്നു. യേശുക്രിസ്തുവിനെ മാതൃകയാക്കിക്കൊണ്ട് പ്രലോഭനങ്ങളെ അതിജീവിക്കുവാനും പ. സഭയുടെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും കുറവുകൂടാതെ പാലിക്കുവാനും കുഞ്ഞുങ്ങളെ പരിശീലിപ്പിക്കേണ്ടത് പ. സഭയുടെയും ഓരോ കുടുംബത്തിന്റെയും ചുമതലയാണ്. നമ്മുടെ സൺഡേ സ്കൂൾ പ്രസ്ഥാനം ഈ ചുമതലയാണ് നിർവ്വഹിക്കുന്നത്.

ഈ വർഷം ജൂൺ മാസം 2-ാം തീയതി സൺഡേസ്കൂൾ ദിനമായി ആചരിക്കണം. അന്ന് നമ്മുടെ എല്ലാ പള്ളികളിലും സൺഡേസ്കൂൾപ്രസ്ഥാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും സൺഡേസ്കൂൾ കേന്ദ്രനിർദ്ദേശമനുസരിച്ചുള്ള പരിപാടികൾ ക്രമീകരിക്കണം. അന്നത്തെ കാണിക്ക പ്രസ്ഥാനത്തിനു നൽകുകയും എല്ലാ ഭവനങ്ങളിലും സൺഡേസ്കൂൾദിന കവറുകൾ എത്തിച്ചുകൊടുക്കുകയും വേണം. അന്ന് വി. കുർബാന ഇല്ലാത്ത പള്ളികളിൽ അതിനടുത്ത കുർബാന ഉള്ള ഞായറാഴ്ചത്തെ കാണിക്ക നൽകണം. പള്ളികളിൽ അന്നു ലഭിക്കുന്ന കാണിക്ക പൂർണമായും സൺഡേസ്കൂൾ കേന്ദ്രഓഫീസിലേക്ക് അയച്ചുകൊടുക്കുന്നുണ്ട് എന്നും എല്ലാ ഭവനങ്ങളും കവർപിരിവിൽ സഹകരിക്കുന്നു എന്നും സൺഡേസ്കൂൾ പ്രവർത്തകർ ഉറപ്പുവരുത്തണം. സൺഡേസ്കൂൾ ദിനത്തിൽ സമാഹരിക്കുന്ന ഈ തുകയിൽനിന്നാണ് സൺഡേസ്കൂൾ ഡിസ്ട്രിക്റ്റ് - ഭദ്രാസന - കേന്ദ്രതലങ്ങളിലുള്ള ചെലവുകൾ നടക്കേണ്ടത് എന്നത് ഏവർക്കും അറിവുള്ളതാണല്ലോ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 മെയ് മാസം 09-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.